# 2025-2026

# ഗവ. യു.പി. എസ്  മഞ്ഞപ്പാറ

# അക്കാദമിക് മാസ്റ്റർപ്ലാൻ

## ആമുഖം

2023 - 2024 വർഷം മുതൽ മൂന്നു വർഷം സമഗ്ര ഗുണമേന്മാ വർഷമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ വിദ്യാഭ്യാസ ഗുണമേന്മ വർദ്ധിപ്പിക്കാനുള്ള ശ്രമത്തിൽ നമ്മുടെ വിദ്യാലയവും പങ്കാളിയാകുന്നു.

## അക്കാദമിക് മാസ്റ്റർപ്ലാൻ

### ആമുഖം

വിദ്യാഭ്യാസ അവകാശനിയമം പ്രാബല്യത്തിൽ വന്നതോടെ ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമായി മാറിയിരിക്കുന്നു. ഇതിനായി പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യം മുൻ നിർത്തി വിവിധ ഏജൻസികൾ വൈവിദ്ധ്യമാർന്ന പ്രവർത്തനങ്ങൾ നടത്തി വരുന്നു. എന്നാൽ പലപ്പോഴും അതിന് ശരിയായ കൃത്യത ഉണ്ടാകാറില്ല.

ഓരോ വിദ്യാലയവും അക്കാദമികമായ കാര്യങ്ങൾ വിഷയാധിഷ്ഠിമായി അവലോകനം ചെയ്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും, രക്ഷാകർത്താക്കളുടെയും വിദ്യാഭ്യാസ പ്രവർത്തകരുടെയും അധ്യാപകരുടെയും കൂട്ടായ പ്രയത്നത്തിലൂടെ നടപ്പിൽ വരുത്താൻ ശ്രമിക്കുക എന്നതാണ് ലക്ഷ്യം.

ഓരോ വിദ്യാർത്ഥിയുടെയും കഴിവ് വ്യത്യസ്തമാണ്. എന്നാൽ ഓരോരുത്തരും ഒരു പ്രതിഭാശാലിയുമാണ്. ആ തിരിച്ചറിവ് മനസ്സിലാക്കി വളരെ ലഘുവായ അനുഭവങ്ങൾ നൽകി അറിവിന്റെ അലകടൽ സൃഷ്ടിക്കുകയാണ് ഓരോ അധ്യാപകന്റെയും ധർമ്മം. ഇത് മനസ്സിലാക്കി ചെറു പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്. കുട്ടികളിലെ കായികം, മാനസികം, തൊഴിൽപരത ഇവ തിരിച്ചറിഞ്ഞ് കൂടുതൽ പ്രവർത്തനങ്ങൾ നൽകാം.

### ലക്ഷ്യങ്ങൾ

- എഴുത്ത്, വായന, മറ്റ് അക്കാദമിക നേട്ടങ്ങൾ എന്നതിനൊപ്പം കുട്ടിയുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി ലക്ഷ്യമാക്കുക.
- മെച്ചപ്പെട്ട ഗുണമേന്മയുള്ള വിദ്യാഭ്യാസം പ്രദാനം ചെയ്യുക.
- ICT അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതികസൗകര്യങ്ങളും അക്കാദമിക തയാറെടുപ്പും ഉറപ്പാക്കുക.
- പഠനകാര്യത്തിൽ രക്ഷിതാക്കളുടെ പങ്കാളിത്തം കൂടി ഉറപ്പുവരുത്തുക.
- ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കുന്നതിനാവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.
- ശാസ്ത്രത്തിലും ഗണിതത്തിലും ഭാഷയിലും കൂടുതൽ അവബോധം ഉണ്ടാക്കിയെടുക്കുക.
- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യകൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- പത്രവായനാശീലം വളർത്തിടെയുക്കുക. ഒപ്പം പത്രവാർത്താക്കുറിപ്പും തയാറാക്കുക.
- പ്ലാസ്റ്റിക്മുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക.
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസം എന്ന ലക്ഷ്യത്തിന് അവസരമൊരുക്കുക.
- സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിനുള്ള പരമാവധി പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
- കുട്ടികളിൽ വായനയെ പരിപോഷിപ്പിക്കുന്നതിനായി സ്കൂൾ ലൈബ്രറി, ക്ലാസ്സ് ലൈബ്രറി ശാക്തീകരിക്കുക.
- ഉച്ചഭക്ഷണം കൂടുതൽ വൈവിധ്യവും ജനകീയമാക്കുക.
- കലാകായിക അഭിരുചി വളർത്തുക.
- ആത്മവിശ്വാസത്തോടെ സ്വതന്ത്രവായനയ്ക്ക് അവസരമൊരുക്കുക.
- പരിസ്ഥിതിസൗഹൃദമായ കളിയുപകരണങ്ങൾ പരിചയപ്പെടുത്തുന്നു
- വ്യക്തി ശുചിത്വവും ഒപ്പം വർത്തമാനകാലത്തിലെ രോഗകാരണങ്ങളിൽ നിന്ന് സമൂഹത്തെ സംരക്ഷിക്കുന്നതിനുള്ള ബോധവൽക്കരണത്തിന്റെ ഭാഗമാകുക.

| മലയാളം | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലയളവ്** | **ചുമതല** |
| ഭാഷയുടെ അടിസ്ഥാനശേഷി വികസനം, സംവേദനശേഷി വികസിപ്പിക്കുക. | അവധിക്കാല അനുഭവങ്ങൾ പങ്കുവയ്ക്കുന്നു. അവ വ്യവഹാര രൂപങ്ങളാക്കുന്നു. | ജൂൺ ആദ്യ ആഴ്ച | മലയാളം അധ്യാപകർ |
| വായന, എഴുത്ത് എന്നിവയിൽ പിന്നാക്കം നിൽക്കുന്നവരെ കണ്ടെത്തുക. | പ്രീടെസ്റ്റ് | ജൂൺ 10 | മലയാളം അധ്യാപകർ |
| പ്രീടെസ്റ്റിലൂടെ കണ്ടെത്തിയവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരിക. | വിവിധ തലങ്ങളിൽ പിന്തുണാപ്രവർത്തനങ്ങൾ. കുട്ടികളെ നിലവാരത്തിനനുസരിച്ച് ചെറിയ ഗ്രൂപ്പുകളായി തിരിച്ച് വിവിധ അധ്യാപകരുടെ നേതൃത്വത്തിൽ ഭാഷാപിന്തുണ ഉറപ്പുവരുത്തുന്നു. അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ - പദങ്ങളുടെയും വാക്കുകളുടെയും നിർമ്മാണം, വായനാക്കാർഡുകൾ, ചിഹ്നങ്ങൾ യഥാവിധി ഉപയോഗിക്കുന്നതിനുള്ള പരിശീലനം. | ജൂൺ 15 - ഡിസംബർ 15 | എല്ലാ അധ്യാപകരും |
| അർത്ഥപൂർണമായതും അക്ഷരശുദ്ധിയുള്ളതുമായ വായന ഉറപ്പുവരുത്തുക. | ക്ലാസ്സ് ലൈബ്രറി സജ്ജമാക്കൽ, പത്രങ്ങൾ, ബാലമാസികകൾ എന്നിവയുടെ ലഭ്യത ഉറപ്പു വരുത്തുക. | ജൂൺ - മാർച്ച് | HM, PTA |
| | പത്രങ്ങൾ, മറ്റ് പ്രസിദ്ധീകരണങ്ങൾ എന്നിവ വായിക്കുകയും ചർച്ചയ്ക്ക് വിധേയമാക്കുകയും ചെയ്യുന്നു. സ്വന്തം കാഴ്ചപ്പാട് പ്രകാശിപ്പിക്കാനുള്ള അവസരങ്ങൾ നൽകുന്നു.<br>ആഴ്ചയിലൊരിക്കൽ ലൈബ്രറി സന്ദർശനം ക്രമീകരിക്കുന്നു. പാഠ്യപ്രവർത്തനങ്ങളുടെ ഭാഗമായി ഉച്ചത്തിലുള്ളതും അക്ഷരശുദ്ധി ഉറപ്പുവരുത്തിയുമുള്ള വായന.<br>ആഴ്ചയിലൊരിക്കൽ ദൃശ്യമാധ്യമങ്ങളിലേതു പോലെയുള്ള വാർത്താവായന. | ജൂൺ - മാർച്ച് | മലയാളം അധ്യാപകർ |
| സാഹിത്യകൃതികളോടും സാഹിത്യകാരന്മാരോടുമുള്ള അനുകൂല മനോഭാവം വളർത്തുകയും ആസ്വാദനശേഷി ഉറപ്പുവരുത്തുകയും ചെയ്യുക. | സാഹിത്യകൃതികൾ നിരന്തരം വായിക്കുകയും വായനക്കുറിപ്പുകൾ തയാറാക്കുകയും ചെയ്യുന്നു. | പാഠ്യപ്രവർത്തനങ്ങളുടെ ഭാഗമായി നിരന്തരം. | മലയാളം അധ്യാപകർ |
| | എഴുത്തുകാർ, കലാകാരന്മാർ എന്നിവരോട് സംവദിക്കാനുള്ള അവസരം ഉണ്ടാക്കുന്നു. | വർഷത്തിൽ 2 പ്രാവശ്യം | HM, PTA മലയാളം അധ്യാപകർ |
| സ്വതന്ത്ര രചനാശേഷി വർധിപ്പിക്കുക | കുട്ടികളുടെ രചനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് കൈയ്യെഴുത്ത് മാഗസിൻ, ഡിജിറ്റൽ മാഗസിൻ എന്നിവ തയാറാക്കുന്നു.<br>ക്ലാസ്സ് പത്രം തയാറാക്കുന്നു. | വർഷത്തിൽ 2 തവണ | മലയാളം അധ്യാപകർ |
| ആവിഷ്കാരശേഷി വർധിപ്പിക്കുക. | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ എന്നിവ തയാറാക്കി അവതരിപ്പിക്കാൻ അവസരം | പഠനോത്സവത്തിന്റെ ഭാഗമായി. | HM, PTA മലയാളം അധ്യാപകർ |
| രചനാചാതുരി വർധിപ്പിക്കുന്നതിന് | പത്രവായനയിലൂടെയും മറ്റും സ്വാംശീകരിച്ച അറിവുകൾ ഉൾക്കൊള്ളിച്ച് ഉപന്യാസ രചന നടത്തുന്നു. | മാസത്തിൽ ഒരിക്കൽ | മലയാളം അധ്യാപകർ |

| പദ്ധതി | പ്രവർത്തനങ്ങൾ | പ്രതീക്ഷിതനേട്ടങ്ങൾ | നിർവ്വഹണകാലം | ചുമതല | പ്രതീക്ഷിതചെലവ് | റിമാർക്സ് |
|---|---|---|---|---|---|---|
| | ♦ Listening to poems (ICT)<br>♦ English radio<br>♦ Skit and Conversation<br>♦ Watching English movies, Documentry and Interviews.<br>♦ Listening to Phonetic sounds | To improve listening skill of the students | Academic Year | Teacher of English | | |
| | ♦ Reading Cards<br>♦ Reding signboards and posters (ICT)<br>♦ Reading stories through FM radio at school.<br>♦ Reading English newspaper and select reader of the month.<br>♦ Library<br>♦ Picture reading. | To enhance skill reading | Academic Year | Teacher of English<br>English Club<br>English Club<br>Class Teacher | | |
| | ♦ English Assembly<br>♦ Skit and coversation<br>♦ Day celebration<br>♦ Conducting quiz competitions<br>♦ Speech on different Topics | To improve speaking skill | Academic Year | Teacher of English<br>English Club | | |
| | ♦ Poster making<br>♦ Handwriting competition<br>♦ Designing Greeting cards and invitation cards<br>♦ Caption writing competition<br>♦ Diary writing<br>♦ Editing different discourses<br>♦ Wall magazines<br>♦ Writing stories on different topics | To improve writing skill | Academic Year | Teacher of English<br>and<br>English Club | | |

| പദ്ധതി | പ്രവർത്തനങ്ങൾ | പ്രതീക്ഷിതനേട്ടങ്ങൾ | നിർവ്വഹണകാലം | ചുമതല | പ്രതീക്ഷിതചെലവ് | റിമാർക്സ് |
|---|---|---|---|---|---|---|
| ഗണിത ശില്പശാല | കളിരീതിയിലൂടെ അടിസ്ഥാനക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു.<br>(നമ്പർ കാർഡ്, മുത്തുകൾ.... ഉപയോഗിക്കുന്നു.) | അടിസ്ഥാനഗണിത ക്രിയകൾ എല്ലാ കുട്ടികളിലും ഉറപ്പ് വരുത്തുന്നു. | ജൂൺ | ഗണിത അധ്യാപകർ | | |
| ഒറിഗാമി ശില്പശാല | ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ, അവയുടെ സവിശേഷത പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | രസകരമായ പഠനവും കരചലനശേഷികളുടെ വികാസവും | | | | |
| ഗണിത-ഗ്രാമം | ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിൽ ഉള്ളവർ) പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് താത്പര്യം ഉണ്ടാക്കുന്ന രീതിയിൽ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നു. | ഗണിത മേഖലയിൽ കുട്ടികളുടെ താത്പര്യം വർദ്ധിപ്പിക്കൽ | | | | |
| ഗണിത ക്ലിനിക് | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിതാധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുന്നു. ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു. | ആഴ്ചയിൽ | ഗണിത അധ്യാപകർ | | |
| ദിനാചരണം | ജൂൺ മുതൽ മാർച്ചുവരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. | വിവിധ ശേഷികളുടെ വികസനം | ആവശ്യാനു-സരണം | SRG | | |
| ഗണിത വായന | ഗണിത പുസ്തകങ്ങൾ ശേഖരിച്ച് മികച്ച ഗണിത ലൈബ്രറി ഉണ്ടാക്കുന്നു | ഗണിത പുസ്തശേഖരണം വളർത്തുന്നു | വർഷം മുഴുവൻ | ഗണിതാ-ധ്യാപകൻ | | |
| Little Math | ഗണിത ക്വിസ്, ഗണിതോത്സവം, ന്യൂമാത്സ് എക്സാം ഇവയ്ക്ക് കുട്ടികളെ തയാറാക്കുന്നു. | പരീക്ഷകൾക്കായി കുട്ടികൾ തയാറെടുക്കുന്നു. | ആവശ്യാനു-സരണം | | | |
| ഗണിത ഗെയിം കോർണർ | ഗണിത കളികൾ, ചെസ് പസിൽസ്, ഒറിഗാമി, പാട്ട് | വിവിധ ശേഷികളുടെ വികസനം | ആവശ്യാനു-സരണം | | | |

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ചുമതല | റിമാർക്സ് |
|---|---|---|---|---|---|
| ശാസ്ത്രത്തിലെ പ്രക്രിയാ ശേഷികൾ മുഴുവൻ കുട്ടികളിലും നിശ്ചിത നിലവാരത്തിൽ എത്തിക്കൽ | ♦ സ്കൂൾ ലാബ് വിപുലപ്പെടുത്തൽ.<br>♦ ക്ലാസ്സ് മുറികളിൽ സയൻസ് ലാബ് സജ്ജീകരിക്കൽ<br>♦ സ്കൂൾ അസംബ്ലിയിൽ ശാസ്ത്ര പരീക്ഷണം നടത്തുന്നതിനുള്ള അവസരം നൽകൽ<br>♦ ഓരോ കുട്ടിക്കും ശാസ്ത്രകിറ്റ് | ജൂൺ - ആഗസ്ത് | | ശാസ്ത്ര അധ്യാപിക, HM | |
| ശാസ്ത്രത്തിൽ ഊന്നിയുള്ള കലാ- തൊഴിൽ നൈപുണി പരിപോഷിപ്പിക്കൽ | ♦ ശാസ്ത്രനാടകം, കഥാപ്രസംഗം, ഓട്ടൻതുള്ളൽ, റീൽസ്, കവിതകൾ എന്നിവ സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ എല്ലാ കുട്ടികളെയും പങ്കെടുപ്പിച്ച് അവതരിപ്പിക്കൽ.<br>♦ ചെറു ഇലക്ട്രോണിക് ഉപകരണങ്ങളുടെ നിർമ്മാണം | പഠനോത്സവത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്നു. | | സയൻസ് ക്ലബ്ബ് | |
| 5 ,6, 7 ക്ലാസ്സുകളിൽ പാഠ്യ പദ്ധതിയിൽ പറഞ്ഞിരിക്കുന്ന മുഴുവൻ പഠനനേട്ടങ്ങളും കൈവരിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക | ♦ 5, 6, 7 ക്ലാസ്സുകളിലെ മുഴുവൻ പാഠഭാഗങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വർക്ക് ഷീറ്റുകൾ തയാറാക്കുന്നു. | ജൂൺ മുതൽ മാർച്ചു വരെ | | ശാസ്ത്ര അധ്യാപിക | |
| ശാസ്ത്രലോകത്തേക്ക് | ♦ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ട്, സെമിനാർ എന്നിവ നൽകുകയും മെച്ചപ്പെട്ടവ പൊതു വേദികളിൽ അവതരിപ്പിക്കുന്നതിനുള്ള അവസരം നൽകുന്നു.<br>♦ ഫീൽഡ് ട്രിപ്പ്, ശില്പശാല എന്നിവ സംഘടിപ്പിക്കുന്നു.<br>♦ സോപ്പ് നിർമ്മാണം, ലോഷൻ നിർമ്മാണം, ജൈവകീടനാശിനി നിർമ്മാണം, കൃഷിയിലെ സാധ്യതകൾ പ്രയോജനപ്പെടുത്തൽ | പാഠ്യ പ്രവർത്തനത്തിന്റെ ഭാഗമായി | | ശാസ്ത്ര അധ്യാപിക, HM, PTA | |
| ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിലെ കുറവ് പരിഹരിക്കൽ | ♦ ICT വിഭവങ്ങൾ തയാറാക്കൽ<br>♦ ഡിജിറ്റൽ മാഗസിൻ തയാറാക്കൽ | | | | |
| സ്കൂളിലെ ശാസ്ത്ര പഠനാന്തരീക്ഷം മെച്ചപ്പെടുത്തൽ | ♦ പാഠഭാഗങ്ങളിലെ ആശയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ചുമർച്ചിത്രങ്ങൾ തയാറാക്കുന്നു. | വർഷ ആരംഭം | | HM, PTA | |
| പ്രകൃതിയിലേക്ക് ഇറങ്ങിച്ചെന്നുള്ള ശാസ്ത്രപഠനം | ♦ ജൈവ വൈവിധ്യപാർക്ക്, പൂന്തോട്ടം, ശലഭോദ്യാനം, പച്ചക്കറിത്തോട്ടം എന്നിവയുടെ പരിപാലനം | നിരന്തരം | | സയൻസ് ക്ലബ്ബ്, Eco Club | |

| ലക്ഷ്യങ്ങൾ | പഠന പ്രവർത്തനങ്ങൾ | പ്രതീക്ഷിത നേട്ടങ്ങൾ | കാലയളവ് | ചുമതല | ചിലവ് | റിമാർക്ക്സ് |
|---|---|---|---|---|---|---|
| ♦ അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിക്കുന്നു.<br>♦ അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു.<br>♦ പദങ്ങൾ, ആശയങ്ങൾ എന്നിവ ഉറപ്പിക്കുന്നു. | ♦ അക്ഷരം എഴുത്ത്<br>♦ ചിഹ്നം ഉറപ്പിക്കൽ<br>♦ അക്ഷരമാല പ്രദർശനം<br>♦ അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു<br>♦ അക്ഷര കാർഡ്<br>♦ അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു<br>♦ അക്ഷരമാലാ കളികൾ<br>♦ വാക്കുകൾ എഴുതിയ കാർഡ്<br>♦ വാക്ക് നിർമ്മാണം<br>♦ ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. | ♦ അക്ഷരങ്ങൾ, ചിഹ്നങ്ങൾ എന്നിവ മനസ്സിലാക്കുന്നു.<br>♦ അക്ഷരങ്ങൾ മനസ്സിലാക്കി പദങ്ങൾ കൂട്ടിച്ചേർത്ത് വായിച്ച് ആശയങ്ങൾ മനസ്സിലാക്കുന്നു. | ജൂൺ മുതൽ ആഗസ്റ്റ് | ഹിന്ദി അധ്യാപിക | | |
| ♦ ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിക്കുന്നു.<br>♦ വായനയ്ക്ക് അധിക പ്രാധാന്യം നൽകുന്നു.<br>♦ കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു.<br>♦ ക്ലാസ്സിലെ ഓരോ വിദ്യാർത്ഥിയുടെയും ജനന തീയതി ഹിന്ദിയിൽ എഴുതാൻ പറയുന്നു. | ♦ കേട്ടെഴുത്ത്, പദസൂര്യൻ എന്നിവ നൽകുന്നു.<br>♦ ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു. | ♦ ചിത്രസഹായത്തോടെ ചിത്രകഥ തയാറാക്കുന്നു.<br>♦ ചിത്രത്തിനു ശീർഷകം എഴുതുന്നു. ചിത്രത്തിന് ആസ്പദമായി കഥ പറയുന്നു.<br>♦ കഥ എഴുതുന്നു<br>♦ ചിത്രം നോക്കി കഥ പൂർത്തിയാക്കുന്നു | സെപ്റ്റംബർ ഒക്ടോബർ | | | |
| ♦ ഹിന്ദി എഴുതാനും വായിക്കാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | ♦ വർക്ക് ഷീറ്റുകൾ നൽകുന്നു.<br>♦ ചിത്രങ്ങൾ അടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു. | | ജൂൺ ജൂലൈ | | | |

| | | | | | | |
|---|---|---|---|---|---|---|
| ♦ വിശേഷണം മനസ്സിലാക്കുന്നു<br>♦ ചെറിയ മുദ്രാവാക്യങ്ങൾ എഴുതുവാനറിയുന്നു.<br>♦ പോസ്റ്റർ തയാറാക്കാൻ കഴിയുന്നു.<br>♦ കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയാറാക്കുവാനറിയുന്നു.<br>♦ ഡയറി തയാറാക്കൽ | ♦ ചാർട്ടിൽ നിന്നും വിശേഷണം കണ്ടെത്താൻ പറയുന്നു.<br>♦ പോസ്റ്ററിന്റെ മോഡൽ നൽകുന്നു.<br>♦ വിവിധ വിഷയങ്ങൾ നൽകുന്നു.<br>♦ ക്ലാസ്സിൽ പ്രദർശിപ്പിച്ച് മൂല്യനിർണയം നടത്തുന്നു.<br>♦ ചെറിയ കവിതകൾ നൽകിക്കൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസ്സിൽ അവതരിപ്പിക്കുന്നു.<br>♦ എല്ലാ ദിവസവും ഡയറി എഴുതുവാനുള്ള നിർദ്ദേശം നൽകുന്നു. | ♦ ദിനാചരണവുമായി ബന്ധപ്പെട്ട പോസ്റ്റർ തയാറാക്കുന്നു.<br>♦ ഡയറി എഴുതുന്നു | നവംബർ<br>ജനുവരി | | | |
| ♦ സാഹിത്യാഭിരുചി വളർത്തുക<br>♦ ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കുവാനും സർഗ്ഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം | ♦ പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു.<br>♦ ഹിന്ദി അസംബ്ലി<br>♦ ദിനാചരണങ്ങൾ<br>♦ അധികവായന സാമഗ്രികൾ<br>♦ ഹിന്ദി ക്ലബ്ബ് പ്രവർത്തനങ്ങൾ | ♦ പദ്യം ഈണത്തിൽ ചൊല്ലുന്നു.<br>♦ കഥ, കവിത, പോസ്റ്റർ എന്നിവ തയാറാക്കുന്നു. | ഫെബ്രുവരി<br>മാർച്ച് | | | |